പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 797 — 12-6-2013-ൽ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിറ്റേഷൻ സെന്ററുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്.<br>ശ്രീ. വി.റ്റി. ബൽറാം.<br>ശ്രീ. പി.എ. മാധവൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിറ്റേഷൻ സെന്ററുകൾ ജലവിഭവ വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ജല-പരിസ്ഥിതി സൗഹൃദമായി സംസ്ഥാനത്തെ വിദ്യാലയങ്ങളെ രൂപപ്പെടുത്തുക എന്നതാണ് വാട്ടർ ആന്റ് സാനിറ്റേഷൻ സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ജലവിനിയോഗത്തിന്റെയും മാലിന്യസംസ്കരണത്തിന്റെയും പ്രായോഗികവശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുകയാണ് വാട്ടർ ആന്റ് സാനിറ്റേഷൻ ഇൻഫർമേഷൻ സെന്റർ (വാട്സാനിക് -WATSANIC)-ന്റെ പ്രവർത്തന ലക്ഷ്യം. |

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത്;

(സി) ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, യുവജനക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര, സംസ്ഥാന ലൈബ്രറി കൗൺസിൽ എന്നീ ഏജൻസികളുമായി ചേർന്നാണ് വാട്സാനിക് സെന്ററുകളുടെ പ്രവർത്തനം സംഘടിപ്പിച്ചിരിക്കുന്നത്.

(ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിപ്പിക്കുവാൻ ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

(ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഫീൽഡ് ടെസ്റ്റ് കിറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സെന്ററുകളിൽ ഏർപ്പെടുത്തുന്നു. ജലഗുണനിലവാരം പൊതുജനങ്ങൾക്ക് സൗജന്യമായി പരിശോധിച്ച് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ